No.Plg.19/SFAC/2012.

സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം
കേരള, തിരുവനന്തപുരം, തീയതി 4.9.2012.
ഫോൺ: 0471-2322109.

## സർക്കുലർ

വിഷയം: വാർഷിക പദ്ധതി 2012-13 - കേരളത്തിൽ പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി - പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ - സംബന്ധിച്ച് -

സൂചന: സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 199/2012/എ.ഡി. തിരുവനന്തപുരം, തീയതി 10.8.2012.

സൂചന പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 2435-01-800-94 എന്ന ശീർഷകത്തിൽ 425 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി) മുഖാന്തിരം നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി താഴെപറയുന്ന മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നു.

1. പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 5 മുതൽ 50 ലക്ഷം രൂപവരെ പദ്ധതിച്ചെലവു വരുന്ന പദ്ധതികളാണ് നടപ്പാക്കുന്നതിനുവേണ്ടി സമർപ്പിക്കേണ്ടത്.

2. ആകെ പദ്ധതിച്ചെലവിന്റെ 25% ശതമാനം അല്ലെങ്കിൽ 10 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ്, ആ തുക എസ്.എഫ്.എ.സി. സബ്സിഡിയായി നൽകുന്നതാണ്. സംരംഭകർക്ക് മറ്റ് കേന്ദ്ര ഗവൺമെന്റ് പദ്ധതികളിൽ നിന്നും സബ്സിഡി സ്വീകരിക്കാവുന്നതാണ്. എന്നാൽ ആകെ സബ്സിഡി തുക 50% - ൽ കവിയാൻ പാടുള്ളതല്ല. ആകെ പദ്ധതി തുകയിൽ വസ്തുവിന്റെ വില ഉൾപ്പെടുന്നതല്ല.

3. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാബന്ധിത പദ്ധതികൾ മാത്രമേ പരിഗണിക്കുകയുള്ളു. ദേശസാൽകൃത / സ്വകാര്യ/ഷെഡ്യൂൾഡ് / സഹകരണ / ഗ്രാമീണ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ബാങ്കിതര ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഗുണഭോക്താക്കൾക്ക് വായ്പ എടുക്കാവുന്നതാണ്.

4. വ്യക്തിഗത സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, കൂട്ടായ്മകൾ, സർക്കാരേതര സംരംഭകർ തുടങ്ങിയവർക്കെല്ലാം പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

5. സംരംഭകർ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.